## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *224** **09.03.2017-ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥ**

**ചോദ്യം**
ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ.ഒ. ആർ. കേളു
ശ്രീ.യു. ആർ. പ്രദീപ്
ശ്രീ.പി.കെ. ശശി

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ചില പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥയും പഠനം പൂർത്തീകരിക്കാതെ ഇടയ്ക്ക് നിർത്തേണ്ടി വരുന്നതിന്റെ കാരണങ്ങളും വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ്; | എ) | പരിശോധിച്ചിട്ടുണ്ട്. കുടുംബ പ്രശ്നങ്ങൾ, രക്ഷിതാക്കളുടെ താത്പര്യമില്ലായ്മ, കോളനി നിവാസികൾക്കിടയിലെ മദ്യപാനം, കോളനികളിലെ പ്രത്യേക സാമൂഹ്യ അന്തരീക്ഷം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ എന്നിവയാണ് പ്രധാന കാരണങ്ങൾ. പ്രധാനമായും വയനാട്, ഇടുക്കി ജില്ലകളിലാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലായും കണ്ടു വരുന്നത്. കാപ്പിക്കുരു, കുരുമുളക് തുടങ്ങിയ കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് വിദ്യാർത്ഥികൾ രക്ഷിതാക്കളോടൊപ്പം വിളവെടുപ്പ് ജോലികളിൽ ഏർപ്പെടുന്നതിനാൽ ക്ലാസുകളിൽ ഹാജരാകാത്ത സ്ഥിതിയും അനുഭവപ്പെടുന്നുണ്ട്. പ്രാക്തനഗോത്ര വിഭാഗത്തിൽപ്പെടുന്ന ചില സമുദായങ്ങളിൽ നിന്നും കുട്ടികളെ പൊതുവിദ്യാഭ്യാസത്തിനായി സ്കൂളുകളിലെയ്ക്ക് അയയ്ക്കുന്നതിനും വിമുഖത ഉള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവൽക്കരണം വകുപ്പ് നടത്തിവരുന്നു. വിദൂര സ്ഥലങ്ങളിൽ നിന്നും കുട്ടികൾക്ക് സ്കൂളുകളിൽ എത്തുന്നതിനായുള്ള വാഹന സൗകര്യത്തിനായി 'ഗോത്രസാരഥി' പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകി വരുന്നു. പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ള ജില്ലയായ വയനാട്ടിലെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ഗോത്രവിഭാഗത്തിൽപ്പെട്ട ഓരോ അദ്ധ്യാപകരെ നിയമിക്കുന്ന 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് വഴി അവരുടെ തനത് ഭാഷയിൽ കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും പ്രശ്നങ്ങളിൽ ഇടപെടാനും പരിഹരിക്കാനും ലക്ഷ്യമിടുന്നു. |
| സി) | കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നത് തടയാൻ രക്ഷിതാക്കളെ കൂടി ബോധവത്കരിക്കുന്നതും രക്ഷിതാക്കൾക്ക് സ്ഥിര ' വരുമാനം ലഭിക്കത്തക്കവിധം തൊഴിലുറപ്പ് പദ്ധതി മുഖേന തൊഴിൽ നൽകുന്നതും പരിഗണിക്കുമോ? | സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്ക് പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ, വുമൺ സോഷ്യൽ വർക്കർ തുടങ്ങിയവർ വഴി ബോധവൽക്കരണം നടത്തി വരുന്നു. എല്ലാ കുടുംബങ്ങൾക്കും തൊഴിൽ കാർഡുകളും, തൊഴിൽ ദിനങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ